പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1660 18/06/2012 - ൽ മറുപടിക്ക്

## അലങ്കാര മത്സ്യകൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) അലങ്കാര മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിൽ നിലവിൽ എന്തൊക്കെ പദ്ധതികളാണുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യ കർഷക വികസന ഏജൻസി മുഖേന നടപ്പാക്കുന്ന 'ഉൾനാടൻ ഫിഷറീസും മത്സ്യകൃഷിയും വികസനം' എന്ന പദ്ധതിയിൽ അലങ്കാര മത്സ്യ കൃഷി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അലങ്കാര മത്സ്യങ്ങളുടെ ഉത്പാദനവും വിപണനവും ലക്ഷ്യമിട്ടുകൊണ്ട് സർക്കാരും സ്വകാര്യ സംരംഭകരും ചേർന്ന് പൊതു/സ്വകാര്യ പങ്കാളിത്തത്തോടുകൂടി ആലുവായിലെ കിഴക്കേ കടുങ്ങല്ലൂരിൽ കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുകയും പ്രവർത്തനം നടത്തി വരികയും ചെയ്യുന്നു. ഇതിന്റെ ഘടകങ്ങളായി ഇതിനോടകം 6 എക്സ്പോർട്ട് ഹബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി വിപണനത്തിന് പാകപ്പെടുത്തുക എന്ന് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഇതിനോടകം 500 |

ഓളം ഹോംസ്റ്റഡ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് ആവശ്യമായ പരിശീലനവും സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങളും നൽകി വരുന്നു. മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടിയിൽ ബ്രൂഡ് ഫാമും പ്രവർത്തിക്കുന്നു. പദ്ധതിക്കാവശ്യമായ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് നെയ്യാറിൽ 11 ഏക്കർ സ്ഥലത്ത് ഒരു സാറ്റലൈറ്റ് ഫാം പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം 'കാവിലി'ന്റെ ഒരു ഓഹരിയുടമയുടെ നേതൃത്വത്തിൽ മറ്റൊരു സാറ്റലൈറ്റ് ഫാമിന്റെ നിർമ്മാണ പ്രവർത്തനം ചാലക്കുടിയ്ക്കടുത്ത് പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രവർത്തനത്തിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

(ബി) പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് അലങ്കാര മത്സ്യകൃഷി നടപ്പിലാക്കുന്ന പദ്ധതി നിലവിലുണ്ട്. പട്ടികജാതി വനിതകൾക്ക് ഓരോ ജില്ലയിലും 10 അലങ്കാര മത്സ്യ ഉത്പാദന യൂണിറ്റ് നടത്തുന്നതിനു വേണ്ടി പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച 70 ലക്ഷം രൂപയുടെ ധനസഹായപ്രകാരം പട്ടിക ജാതി വികസന വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ